(c) The question of assessing the Willingdon Island to land tax is only under consideration.

(d) The Harbour Authorities have surveyed the Island for engineering purposes. Government are not aware of any survey conducted by the Government of India.

Mr. A. B. Salem *(Mattancheri)*: May I know whether the Government made any enquiry to understand whether there was a survey made by the Government of India?

Mr. A. Madhava Prabhu *(Diwan Peishkar)*: The Government are not aware of any survey by the Government of India. There is no necessity for the Government of India to conduct any survey. The Port Authorities have surveyed.

Mr. A. B. Salem *(Mattancheri)*: May I know whether this Willingdon Island which is now formed in the backwater is surveyed and put in the map of the Government of India apart from the yellow map? The map of the Government of India is coloured pink and yellow, pink for British India and yellow for Indian States. My question is whether this island has been surveyed and marked in the pink portion or not.

Mr. A. Madhava Prabhu *(Diwan Peishkar)*: They cannot.

Mr. A. B. Salem *(Mattancheri)*: Whether they have done it or not is the question.

Mr. A. Madhava Prabhu *(Diwan Peishkar)*: I don't know how they can do so. They cannot. Our water limits extend far beyond that portion.

FISHING IN PATTUTHODU—IN CHELLANAM—LEASE OF

163. മിസ്റ്റർ ബി. എം. പീറർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ചെല്ലാനം വില്ലേജിൽ തിരുവിതാംകൂറിന്റെ അതൃത്തിപ്രദേശത്തുകിടക്കുന്ന പാറുതോട്ടു് എത്ര സംഖ്യക്കാണു് ൧൯൪൫, ൧൯൪൬ എന്നീ ഓരോ കൊല്ലങ്ങളിൽ കൊടുത്തിട്ടുള്ളതു്;

(ബി) ൧൯൪൬-ലേക്കു ടി സ്ഥലം മത്സ്യക്കാപ്പു് ഏല്പിക്കുന്നതിനു് അതും ഇല്ലാതിരുന്നതിന്റെ കാരണത്തെപ്പറ്റി ഗവമ്മെണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു;

(എ) ൧൯൪൫-ൽ ക. രൂ ൦, ൧൯൪൬-ൽ ക. നൂ ൦.

(ബി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. എം. പീറർ : ഈ ചോദ്യത്തിൽ പറയുന്ന സ്ഥലം ക്ഷ-ലേക്ക് ലേലംവിളിച്ചുകൊടുത്തിട്ടുണ്ടോ ?

മിസ്റ്റർ എ. മാധവപ്രഭു : ലേലംകൊള്ളുവാൻ ആളുണ്ടായിരുന്നില്ല.

മിസ്റ്റർ ബി. എം. പീറർ : അതിനുള്ള കാരണമെന്താണെന്ന് അന്വേഷിച്ചുവോ ?

മിസ്റ്റർ എ. മാധവപ്രഭു : അതു മുമ്പേതന്നെ അന്വേഷണം നടത്തീട്ടുണ്ട്. കഴിഞ്ഞകൊല്ലംതന്നെ ഇതുപോലെയുള്ള ബുദ്ധിമുട്ട് നേരിടുകയുണ്ടായി. തിരുവിതാംകൂർകാർ പറയുന്ന ആ സ്ഥലം അവരുടെവകയാണെന്ന്. ആ കാരണംകൊണ്ട് ഇവിടെയുള്ളവർക്ക് അവിടെ മത്സ്യം പിടിക്കുവാനും തരമില്ല. അതുകൊണ്ട് ഈ കായ്ത്തിൽ തിരുവിതാംകൂർ ഗവൺമെണ്ടുമായിട്ട് എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ തീരുമാനം അറിയാറായിട്ടില്ല.

മിസ്റ്റർ ബി. എം. പീറർ : നമ്മുടെ സ്ഥലങ്ങളും ഈ മാതിരി തിരുവിതാംകൂർ ഗവൺമെണ്ടിനും ബ്രിട്ടീഷു ഗവൺമെണ്ടിനും ഒക്കെ വിട്ടുകൊടുത്തിട്ട് ആ കായ്ത്തിൽ നമ്മുടെ ഗവൺമെൻറിനു യാതൊന്നും ചെയ്യുവാൻ സാധിച്ചില്ലെന്നു പറയുന്നതു വളരെ കഷ്ടമാണ്. ഇതിനുമുമ്പ് ഇതിനെപ്പറ്റി ഒരു കട്ടമോഷൻ ഞാൻ കൊണ്ടുവന്നിട്ടുള്ളതാണ്. തിരുവിതാംകൂർ ഗവൺമെണ്ട് ആ സ്ഥലത്തു കയ്യേറി മത്സ്യക്കാപ്പു നടത്തുന്നുവെന്ന് അന്നു ഞാൻ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തീട്ടുണ്ട്.

മിസ്റ്റർ എ. മാധവപ്രഭു : വേറെ ഒരാൾ പ്രവേശിച്ചാൽ കക്ഷികൾ തമ്മിൽ കേസ്സുകൊടുക്കാം. എന്നാൽ ഗവൺമെണ്ടുതമ്മിലാകുമ്പോൾ എഴുത്തുകുത്തു നടത്താനല്ലാതെ വേറെ യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ല. അവിടെ തോട്ടുവീതി വളരെ കുറവായതുകൊണ്ടു നടുക്കു സർവ്വെക്കല്ലിടുന്നതിനു പകരം നമ്മുടെ സ്ഥലത്താണ് ഇട്ടിരിക്കുന്നതു്. അവരുടെ ഫിഷർമെൻ പറയുന്നതു് അതു തിരുവിതാംകൂർ വക സ്ഥലമാണെന്നാണ്. ഇപ്പോൾ അതു് ഏതു് അതുത്തിയിൽ പെട്ടതാണെന്നുള്ളതിനു കക്ഷികൾ തമ്മിൽ കേസ്സു നടന്നുവരുന്നുണ്ട്. എന്നാൽ ഒരു ഗവൺമെണ്ടിനു മറെറാരു ഗവൺമെണ്ടിനോടു ന്യായമായി എഴുത്തുകുത്തു നടത്തുവാൻ മാത്രമേ സാധിക്കയുള്ളൂ. അതു നടത്തിവരുന്നുമുണ്ട്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : പണ്ടത്തെ കാലമാണെങ്കിൽ യുദ്ധം ചെയ്യാമായിരുന്നു. ഇന്നു് അതിനു നിവൃത്തിയില്ല. (ചിരി)

മിസ്റ്റർ ബി. എം. പീറർ : തിരുവിതാംകൂർകാർ നമ്മുടെ സ്ഥലത്തു കടന്നു മത്സ്യം പിടിക്കുകയാണെങ്കിൽ പോലീസിൽ അറിവുകൊടുക്കണം.

മിസ്റ്റർ എ. മാധവപ്രഭു : അതിനു പെനൽട്ടി വസൂലാക്കുവാൻ കക്ഷികളുടെ കായ്ത്തിൽ വേണ്ട നടവടി നടത്തുന്നുണ്ട്.

CYCLONE RELIEF—ADDITIONAL LISTS OF DESERVING CASES

164. മിസ്റ്റർ പി. കെ. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടിപറയുമോ.—

കഴിഞ്ഞ എടവം ക്ഷ-ാം-യുണ്ടായ കൊടുങ്കാറിൽ ഗൃഹനാശം സംഭവിച്ചവരിൽ ഭൂരിപക്ഷം വരുന്നതു് കൊച്ചീരാജ്യത്തെ അധഃകൃതരാകയാൽ തൽപരിഹാരാർത്ഥം രണ്ടാമതും ഹർജികളയപ്പാൻ പ്രേരിതരായവരുടെ കായ്ത്തിൽ ശരിയായ നടപടി നടത്തി വേണ്ടതുചെയ്തുകയുണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly